ശ്രീ. പി. ജെ. ജോയി : സർ, ഞാൻ ചോദിച്ചത് ചില ഗ്രാമ പഞ്ചായത്തുകൾ അവർക്കുവേണ്ടി പ്രത്യേകമായ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ആ മാതൃക കേരളത്തിൽ വ്യാപകമായി ഏർപ്പെടുത്തുന്നതിനായി റൂൾസിൽ അതിനനുസൃതമായി മാറ്റം വരുത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ എന്നാണ്.

ശ്രീ. വക്കം പുരുഷോത്തമൻ : എണ്ണത്തിൽ വളരെ കൂടുതലുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ ഷെയർ ചെയ്യുന്നതിനും മറ്റ് വിഭാഗക്കാരെ ഇതിൽ കൊണ്ടുവരുന്നതിനും എതിർപ്പും പ്രതിഷേധവും ഉണ്ട്. അങ്ങനെയൊരു ബുദ്ധിമുട്ടുണ്ട്. അതുകൊണ്ടാണ് പഞ്ചായത്തിന് അധികാരമുണ്ടെങ്കിൽ അവർ ചെയ്തോട്ടെ ഗവൺമെന്റിന് വിരോധമില്ലെന്ന് ഞാൻ പറഞ്ഞത്.

IV. സബ്മിഷൻ

(1) വൃക്ക തട്ടിപ്പ്

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, അടൂർ പാറക്കോട് അറുകാലിൽ കൃഷ്ണൻകുട്ടി നായർ സിംഗപ്പൂരിൽ മരണമടഞ്ഞു. അദ്ദേഹം ബോംബെയിലെ ലാൽ ഓട്ടോ ഹയേഴ്സ് കമ്പനിയുടെ ഡ്രൈവർ ആയിരുന്നു. കൃഷ്ണൻകുട്ടി നായർ വൃക്ക തട്ടിപ്പിന് വിധേയനായി മരണപ്പെട്ടു എന്നാണ് അറിയാൻ കഴിഞ്ഞത്. വൃക്ക തട്ടിപ്പ് നടത്തിയ കൊലപാതകികളെ എങ്ങനെയെങ്കിലും കേസ്സിൽനിന്ന് രക്ഷപ്പെടുത്താൻവേണ്ടി അടൂരിൽ കൃഷ്ണൻകുട്ടി നായരുടെ വീടുമായും ബന്ധുക്കളുമായും ബന്ധപ്പെട്ട് ഡെഡ് ബോഡി സ്ഥലത്ത് കൊണ്ടുവരാതെ ഒതുക്കിത്തീർക്കുന്നതിനുവേണ്ടി വിലപേശി എന്നും 30 ലക്ഷം രൂപ അദ്ദേഹത്തിന്റെ സഹധർമ്മിണിക്ക് പ്രോമിസ് ചെയ്തു എന്നും അങ്ങനെ വൃക്ക കൊലപാതകികളെ ന്യായമായും കേസ്സിൽ പ്രതികളാക്കാൻ ബോംബെയിലെ പോലീസ് ഇവിടത്തെ പോലീസിന് കർശന നിർദ്ദേശം കൊടുത്തിരിക്കുന്നു എന്നുമാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. എന്നാൽ അതിനെയെല്ലാം വെട്ടിച്ച് ഈ പ്രശ്നത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ടിട്ടുണ്ടെന്നും അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിലാണ് ഒത്തുതീർപ്പ് ഉണ്ടാക്കി വൃക്ക തട്ടിപ്പുകാരെ രക്ഷപ്പെടുത്തി വിട്ടതെന്നും പത്രവാർത്ത കാണുന്നു. പത്രത്തിൽ വന്ന വാർത്ത ശരിയാണോയെന്ന് എനിക്ക് സംശയമുണ്ട്. നമ്മുടെ ഇറിഗേഷൻ മന്ത്രിയെ സംബന്ധിച്ചാണ് മാധ്യമത്തിലും ദേശാഭിമാനിയിലും വാർത്ത കണ്ടത്. വൃക്ക തട്ടിപ്പിന് ഇരയായ ആൾ മരിച്ചു. കേസ്സിൽ മന്ത്രി ഇടപെട്ടു എന്നാണ് പറയുന്നത്. എന്താണ് യഥാർത്ഥ വസ്തുത ? പാവപ്പെട്ട കൃഷ്ണൻകുട്ടി നായരെ സൂത്രത്തിൽ വലയിൽ കുടുക്കിയതാണ്. അയാളുടെ വൃക്ക ഏതോ രാജകുടുംബത്തിലെ അംഗത്തിനുവേണ്ടി വൻതുക വാങ്ങിക്കൊണ്ട് വൃക്ക തട്ടിപ്പുകാർ വിലപേശി വാങ്ങി എന്നും, കേസ്സിൽ പ്രതികളാക്കാതിരിക്കാൻവേണ്ടി ഗൂഢാലോചന നടത്തുകയും പോലീസുമായി ബന്ധപ്പെട്ട് കേസ് ഒതുക്കിത്തീർക്കാൻ ശ്രമിക്കുകയും ചെയ്യുന്നതുമായിട്ടാണ് അറിയുന്നത്. കൃഷ്ണൻകുട്ടി നായരുടെ സഹോദരി മുഖ്യമന്ത്രിക്ക് കൊടുത്ത പരാതിപോലെതന്നെ പ്രതിപക്ഷ നേതാവിനും ഒരു പരാതി നൽകുകയാണ് എന്നുപറഞ്ഞുകൊണ്ട് .ഇന്നലെ എന്റെ ആഫീസിൽ

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവന്ന് തന്നതാണ്. അതുകൊണ്ട് ഗവൺമെന്റിനുവേണ്ടി ആഭ്യന്തര കാര്യം കൈകാര്യം ചെയ്യുന്ന മന്ത്രി ഇതു സംബന്ധിച്ച് വ്യക്തമാക്കണം. എന്താണ് സംഭവിച്ചത്; ഈ കേസ് ഒതുക്കിത്തീർത്തോ; കുറ്റവാളികളെ നിയമത്തിനു മുന്നിൽ കൊണ്ടുവരാനുള്ള സാധ്യത നഷ്ടപ്പെട്ടോ; സാധ്യത ഇപ്പോഴും നിലനിൽക്കുന്നുണ്ടോ; ഇതിന്റെ അവസ്ഥ എന്താണെന്ന് അറിയാൻ ആഗ്രഹമുണ്ട്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ കൃഷ്ണൻകുട്ടി നായരുടെ മരണം സിംഗപ്പൂരിൽ വച്ചാണ് സംഭവിച്ചത്. അദ്ദേഹം പത്തുമുപ്പത് വർഷം ബോംബെയിൽ പണിയെടുത്തയാളാണ്. 10-00 A. M.] അദ്ദേഹം ഇത്രയുംനാൾ പണിയെടുത്തപ്പോൾ മുഴുവൻ ശമ്പളവും കൊടുത്തിട്ടില്ല അതുകൊണ്ട് എല്ലാംകൂടി ചേർത്ത് 30 ലക്ഷം രൂപ മരിച്ചതിനുശേഷം കൊടുക്കാമെന്ന് അതിന്റെ ആളുകൾ വന്ന് പറഞ്ഞു സമ്മതിച്ചു. ഇതറിഞ്ഞപ്പോൾ ആ പണം ഷെയർ ചെയ്തു കിട്ടണമെന്ന് പറഞ്ഞ് ബന്ധുക്കളായ കുറേ ആളുകൾ കൂടി പ്രശ്നമുണ്ടാക്കി. അപ്പോൾ സ്ഥലം പഞ്ചായത്ത് മെമ്പറും മാർക്സിസ്റ്റ് പാർട്ടി അംഗവുമായ ശ്രീ. ജി. രമേശന്റെ നേതൃത്വത്തിൽ പത്തിരുപത്തഞ്ച് ആളുകൾ മന്ത്രിയുടെ അടൂരുള്ള വീട്ടിൽപോയി, ഈ കിട്ടുന്ന പണം ബന്ധുക്കൾ തട്ടിക്കൊണ്ടുപോകാനുള്ള ശ്രമത്തിലാണ്, ഇതിനൊരു പരിഹാരമുണ്ടാക്കിത്തരണമെന്ന് ആവശ്യപ്പെട്ടു. അങ്ങ് തന്നെ രമേശനോട് ചോദിച്ചാൽ സത്യം അറിയാം. രൂപ എന്ത് ചെയ്യണമെന്ന പ്രശ്നത്തിലാണ് മന്ത്രി ഇടപെട്ടത്. മരണപ്പെട്ടയാളിന്റെ രണ്ട് മക്കളുടെയും ഭാര്യയുടെയും പേരിൽ പണം ബാങ്കിലിടണമെന്നാണ് മന്ത്രി പറഞ്ഞത്. അത് എല്ലാ പേർക്കും സമ്മതമാവുകയും ചെയ്തു. അല്ലാതെ അവിടെ മന്ത്രിയുടെ നേതൃത്വത്തിൽ ഒരു ബാർഗെയനിംഗും നടന്നിട്ടില്ല. 30 ലക്ഷം രൂപ എന്തു ചെയ്യണം എന്നുള്ളത് മാത്രമായിരുന്നു പ്രശ്നം. അത് എല്ലാവരും സമ്മതിച്ചതുമാണ്. ഇത്രയും സംഭവമാണ് നടന്നത്. This is a crime committed in Singapore. ഭാര്യയ്ക്കോ മക്കൾക്കോ വൃക്ക തട്ടിപ്പിനെക്കുറിച്ച് വല്ല പരാതിയും ഉണ്ടെങ്കിൽ എഴുതിത്തന്നാൽ അതിനെക്കുറിച്ച് അന്വേഷിക്കാം.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സത്യം പറഞ്ഞാൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇതിന്റെ എല്ലാ വശങ്ങളും അറിഞ്ഞിട്ടുണ്ട് എന്ന തോന്നൽ എനിക്കില്ല. അറിഞ്ഞിരുന്നെങ്കിൽ അദ്ദേഹം ഇങ്ങനെ ഒരു സമീപനം എടുക്കുകയില്ലായിരുന്നു. അങ്ങയുടെ പാർട്ടിയിൽപ്പെട്ട ജി. രമേശൻ എന്ന ഗോപാലൻ രമേശൻ മാർക്സിസ്റ്റ് പാർട്ടിയുടെ ചിഹ്നത്തിൽ ജയിച്ച ആ സ്ഥലത്തെ പഞ്ചായത്ത് മെമ്പറാണ്. ആ പഞ്ചായത്ത് മെമ്പർ അടക്കം അവിടെയുള്ള എല്ലാ പാർട്ടിയിലുംപെട്ട ആളുകളെല്ലാംകൂടി, പത്തിരുപത്തഞ്ച് ആളുകൾ ഉണ്ടായിരുന്നു. അതിൽ എന്റെ പാർട്ടിയിൽപ്പെട്ടവരും ഉണ്ട്. രാത്രി ഒൻപതര മണിക്ക് അടൂരിലുള്ള എന്റെ വീട്ടിൽ വന്നു. പല വണ്ടികളിലായാണ് അവർ വന്നത്. ആ സന്ദർഭത്തിൽ എന്റെ പാർട്ടിയിൽപ്പെട്ട ആളുകളും മറ്റ് കാര്യങ്ങൾക്കായി എന്നെ കാണാൻ വന്ന കുറേ ആളുകളും അവിടെ ഉണ്ടായിരുന്നു. അവർക്ക് ഒരൊറ്റ തർക്കമേയുള്ളൂ. മരണപ്പെട്ട ആളിന്റെ ഭാര്യയ്ക്കും മക്കൾക്കും കിട്ടാനുള്ള പണം മറ്റുള്ളവർ തട്ടിക്കൊണ്ടുപോകാൻ

LIBRARY ARCHIVES Kerala Legislative Assembly

ശ്രമിച്ചുകൊണ്ടിരിക്കുന്നു, എങ്ങനെയെങ്കിലും രക്ഷിക്കണമെന്ന് അവർ പറഞ്ഞു: ഒന്നുകൂടി പറയാം. ആ വിധവയായ സ്ത്രീ എന്റെ അടുത്തുവന്ന് പൊട്ടിക്കരഞ്ഞു. രണ്ട് കൊച്ചുകുഞ്ഞുങ്ങളാണ് അവർക്കുള്ളത്. മൂത്തമകൾ ആതിര 10 വയസ്. എന്റെ മകളുടെ പേരും ആതിര എന്നാണ്. 9 വയസ്സുള്ള അശ്വതി. സ്വാഭാവികമായും തുക അമ്മയുടെ പേരിൽ മാത്രം ഇട്ടാൽ പോര. ഈ തുക കുട്ടികൾക്കുംകൂടി കിട്ടിയില്ലെങ്കിൽ കുട്ടികൾ വഴിയാധാരമാകും എന്നുള്ളതുകൊണ്ട് അമ്മയുടെയും കുട്ടികളുടെയും പേരിൽ ബാങ്കിൽ ഫിക്സഡ് ഡെപ്പോസിറ്റ് ചെയ്യാൻ പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ അവർ ബാങ്കിൽ ഫിക്സഡ് ഡെപ്പോസിറ്റിൽ നിക്ഷേപിച്ചു. ബാങ്കിൽ ആ തുകയുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇപ്പോഴും ആ പണം തട്ടിക്കൊണ്ടുപോകാൻ മറ്റുള്ളവർ ശ്രമിക്കുന്നതായാണ് മനസ്സിലാകുന്നത്. വളരെ പാവപ്പെട്ട കുടുംബമാണ്. അവരുടെ അച്ഛൻ 15 സെന്റ് സ്ഥലം വീടുവയ്ക്കാൻ കൊടുക്കാമെന്ന് പറഞ്ഞു. അപ്പോൾ അതിൽ ഒരു വീടും വയ്ക്കണം കുട്ടികളെ പഠിപ്പിക്കുകയും വേണം. എന്തു പൊളിറ്റിക്സും ഉണ്ടാകട്ടെ. ദയവുചെയ്ത് അവരെ വേട്ടയാടരുത്. അവർ എങ്ങനെയെങ്കിലും സമാധാനമായി ജീവിച്ചോട്ടെ. പണമോഹികളായ ആളുകൾ ചെയ്യുന്നതാണിത്. അങ്ങയുടെ പാർട്ടിയിൽപ്പെട്ട രമേശനല്ലേ എന്റെ അടുത്ത് അവരെ വിളിച്ചു കൊണ്ടുവന്നത്. എന്നിട്ട് എന്തിനാണ് ഇതുപോലുള്ള ഒരു ഏർപ്പാട്? എനിക്ക് അങ്ങയെക്കുറിച്ച് നല്ല മതിപ്പാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. അച്യുതാനന്ദൻ : സർ, ഫലത്തിൽ ആ വൃക്ക തട്ടിപ്പുകാരായ ചതിയൻമാർ രക്ഷപ്പെട്ടില്ലേ? ആ ദയനീയമായ കുടുംബത്തെ രക്ഷിക്കാൻവേണ്ടി മന്ത്രിയുടെയും അതുപോലെ ആഭ്യന്തരം കൈകാര്യം ചെയ്യുന്ന ധനകാര്യ വകുപ്പുമന്ത്രിയുടേയുമെല്ലാം തന്നെ ഉദാരത എനിക്ക് മനസ്സിലായി. ആ കുട്ടികളുടെ പിതാവാണ് നഷ്ടപ്പെട്ടത്. വളരെ ഹീനമായ വഴിയിൽക്കൂടി അയാളുടെ വൃക്ക തട്ടിയെടുത്തിട്ട് അയാളെ സംസ്കരിക്കുകയാണ് ചെയ്തത്. ഇത്തരം ക്രിമിനൽ സ്വഭാവത്തോടുകൂടിയ പ്രവൃത്തിയുടെ അന്വേഷണത്തിൽ മന്ത്രിയായവർ ഇടപെടുമ്പോൾ ഇത് സംബന്ധിച്ച അന്വേഷണത്തിനുള്ള ഒരു സാദ്ധ്യത നിരാകരിച്ചത് ശരിയായില്ല. അതാണ് ഞാൻ പ്രശ്നം ഇവിടെ കൊണ്ടുവരാൻ കാരണം. എനിക്ക് മനുഷ്യത്വം ഇല്ലാത്തതുകൊണ്ട് ഈ രണ്ട് കൊച്ചുകുഞ്ഞുങ്ങളെയും വിധവയായ ആ സ്ത്രീയെയും കുറിച്ച് യാതൊരു ചിന്തയുമില്ലാതെ ഹൃദയശൂന്യതകൊണ്ട് വന്നതാണെന്ന് കരുതരുത്. പത്തുമുപ്പത് വർഷം ബോംബെയിൽ ജോലിചെയ്ത ഒരു പാവപ്പെട്ടവനെ, ജോലിചെയ്തുകൊണ്ടിരുന്നതിനിടയിൽ സിങ്കപ്പൂരിൽ തട്ടിക്കൊണ്ടുപോയി വൃക്ക തട്ടി എടുത്തതിനുശേഷം അദ്ദേഹത്തെ ദഹിപ്പിച്ചുകളഞ്ഞു. അങ്ങനെ ഒരു സംഭവം, ഒരു കൊടിയ ക്രിമിനൽ നടപടി ഉണ്ടായതിനുശേഷം ഒരു കേരളീയന് സംഭവിച്ച ആ പ്രശ്നത്തിൽ എന്തെങ്കിലും ഒരു നടപടി സ്വീകരിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും ഇടപെട്ടോ? എന്റെ പാർട്ടിയിൽപ്പെട്ട ഒരു ജനപ്രതിനിധി അവിടെ ഈ പ്രശ്നത്തെ സംബന്ധിച്ച് നിങ്ങളുടെയടുത്ത് വന്നപ്പോൾ നിങ്ങൾ രണ്ടുപേരും കൂടി ആലോചിച്ചിട്ട് ഈ ആസ്പെക്ട്സ് കാണാതിരുന്നത് ശരിയായോ എന്നാണ് എന്റെ ചോദ്യം?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, പരാതിയുണ്ടെങ്കിൽ ആദ്യമായി ഭാര്യയല്ലേ പരാതി തരേണ്ടത് ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : അപ്പോൾ ഭാര്യയെപ്പറ്റിയുള്ള അങ്ങയുടെ അഭിപ്രായം എനിക്ക് മനസ്സിലായി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : എന്നെക്കുറിച്ച് പറഞ്ഞതു കൊണ്ടുമാത്രം ഞാൻ അതിനെക്കുറിച്ച് പറയാൻ വന്നതാണ്. പരാതിയുണ്ടെങ്കിൽ ഭാര്യയല്ലേ വരേണ്ടത് ? ഭാര്യയുടെ പേരിൽ പണം തട്ടിയെടുക്കാൻ നടക്കുന്ന ഒരാളിന്റെ പെറ്റീഷനിൽ ഇങ്ങനെ ഒന്ന് പറയേണ്ടിവരുന്നത് ദുഃഖകരമല്ലേ ? ഈ 30 ലക്ഷം രൂപയിൽനിന്ന് ഒരംശം തട്ടിയെടുക്കാൻ നടക്കുന്ന ഒരാളിന്റെ പരാതി വച്ച് പറയാമോ ? മരിച്ച ആളിന്റെ ഭാര്യയുടെ പരാതി ലഭിച്ചാൽ തീർച്ചയായും നടപടി സ്വീകരിക്കും.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സ്വന്തം സഹോദരന്റെ വേർപാടിനെപ്പറ്റി അവർ ദുഃഖിതയാണ്, അവർ ആ പരാതി തന്നതുകൊണ്ട് ആ പണത്തിന്റെ ഓഹരി കിട്ടാൻവേണ്ടി, ഓഹരി കണക്കുകാരിയായി അവരെ ചിത്രീകരിച്ചത് നല്ലതാണോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഞാൻ പറഞ്ഞതല്ല, എന്നോട് അങ്ങയുടെ പാർട്ടിയിൽപ്പെട്ട രമേശൻ പറഞ്ഞതാണ്.

(2) തിരുവനന്തപുരം ജവഹർ ബാലഭവൻ സർക്കാർ ഉടമസ്ഥതയിൽ നിലനിർത്തണമെന്ന ആവശ്യം

ശ്രീ. പിരപ്പൻകോട് മുരളി : സർ, തിരുവനന്തപുരം നഗരത്തിന്റെ ഹൃദയഭാഗത്ത് കനകക്കുന്ന് കൊട്ടാരത്തിനു സമീപം പ്രവർത്തിക്കുന്ന ജവഹർ ബാലഭവൻ സ്ഥിതി ചെയ്യുന്ന രണ്ടര ഏക്കർ സ്ഥലം റവന്യൂ വകുപ്പിലെ ചില ഉന്നത ഉദ്യോഗസ്ഥരുടെ സഹായത്തോടെ ലയൺസ് ക്ലബ് പതിച്ചെടുക്കാൻ അണിയറനീക്കങ്ങൾ നടത്തുകയാണ്. ബാലഭവൻ സ്ഥാപിക്കുന്നതിന് കനകക്കുന്ന് വളപ്പിൽ നിന്ന് സർക്കാർ 26-12-1966-ൽ രണ്ടര ഏക്കർ സ്ഥലം 30 വർഷത്തേക്ക് പാട്ടത്തിന് ലയൺസ് ക്ലബിന് നൽകിയതാണ്. 1970-ൽ ജവഹർ ബാലഭവന്റെ പ്രവർത്തനം ആരംഭിച്ചു. 25-12-1996-ൽ 30 വർഷത്തെ പാട്ടക്കാലാവധി തീർന്ന മുറയ്ക്ക് സ്ഥലം ഗവൺമെന്റ് ഏറ്റെടുത്തു. ജവഹർ ബാലഭവന്റെ ഗവേണിംഗ് ബോഡി പുനഃസംഘടിപ്പിച്ച് ഭൂമിയും ബാലഭവനും സർക്കാർ ഏറ്റെടുത്തതിനെതിരെ ലയൺസ് ക്ലബ്ബ് ഹൈക്കോടതിയെ സമീപിച്ചു. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ അഭിപ്രായം ഒരു മാസത്തിനകം അറിയിക്കണമെന്ന് കോടതി ആവശ്യപ്പെട്ടുവെങ്കിലും ഗവൺമെന്റിനുവേണ്ടി മറുപടി നൽകാൻ മൂന്നുമാസത്തെ സാവകാശം ഇപ്പോൾ ചോദിച്ചിരിക്കുകയാണ്. 13-11-1995-ലെ പാട്ട നിയമം അനുസരിച്ച് പാട്ടം പുതുക്കണമെങ്കിൽ വസ്തുവിന്റെ മാർക്കറ്റ് വിലയുടെ 10 ശതമാനം പ്രതിവർഷം പാട്ടം നൽകണമെന്നാണ്. ഒരു സെന്റ് വസ്തുവിന് 50 ലക്ഷത്തിലേറെ രൂപ മതിപ്പ് വിലയുള്ള ജവഹർ ബാലഭവന്റെ രണ്ടര ഏക്കർ ഭൂമിക്ക് ഒരു വർഷം തന്നെ കോടിക്കണക്കിന് രൂപ പാട്ടം കൊടുക്കേണ്ടിവരും. ഇത് ഒഴിവാക്കാനാണ് പാട്ടവ്യവസ്ഥ ഇളവ് ചെയ്ത് ഭൂമി പതിപ്പിച്ച് എടുക്കാൻ ശ്രമം നടക്കുന്നത്.